"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതു വിദ്യാഭ്യാസ വകുപ്പ് - അഞ്ചൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സീനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി.ചിത്ര.പി.ഡി.ക്കെതിരെയുള്ള അച്ചടക്കനടപടി പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.**4265/2026/GEDN** തീയതി,തിരുവനന്തപുരം, **29-06-2026**

---

പരാമർശം:-

**1.** തിരുവനന്തപുരം വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ **05/01/2024**ലെ **CPSP-2-51707/2023/DVACB** നമ്പർ കത്ത്

**2.** **19/04/2024**ലെ പൊ. വി. വ.-സി.**3/92/2024**/പൊ. വി. വ. നമ്പർ സർക്കാർ കത്ത്

**3.** പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ **10-05-2024** ലെ വി.എ**3 /20883/2023**/ഡി.ജി.ഇ കത്ത് പ്രകാരം ലഭ്യമാക്കിയ വിഎ**3/20883/2023**/ഡിജിഇ നമ്പർ അന്വേഷണ റിപ്പോർട്ട്

**4.** കുറ്റാരോപിതർക്ക് സർക്കാർ നൽകിയ **23/07/2025** ലെ ഡി.എ**1/107/2025**-പൊ.വി.വ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും

**5.** കുറ്റാരോപിതർ സർക്കാരിൽ സമർപ്പിച്ച പ്രതിവാദ പത്രിക

**6.** പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ **15/11/2025** ലെ വിഎ**3/20883/2023**/ഡിജിഇ നമ്പർ നമ്പർ കത്ത്

**7.** **15/12/2025**ലെ സ. ഉ. (സാധാ) നം. **10246/2025/GEDN** നമ്പർ സർക്കാർ ഉത്തരവ്

**8.** പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച **27/03/2026** ലെ **DGE/20883/2023-VA3** നമ്പർ കത്ത്

**9.** **10/04/2026**ലെ **DA1/107/2025**-പൊ.വി.വ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

**10.** ശ്രീമതി. ചിത്ര.പി. ഡി. സമർപ്പിച്ച **05/05/2026**ലെ മറുപടി

11. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 14/05/2026 ലെ വിഎ3/20883/2023/ഡിജിഇ നമ്പർ റിപ്പോർട്ട്

## ഉത്തരവ്

അഞ്ചൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സീനിയർ സൂപ്രണ്ട് ശ്രീമതി.ചിത്ര.പി.ഡി.ക്കെതിരായി ശ്രീ.എബ്രഹാം ജോർജ്, തുണ്ടിൽവടക്കേതിൽ, വീട്, പെരുമണ്ണൂർ.പി.ഒ, വാളകം എന്നയാൾ നൽകിയ പരാതിയിന്മേൽ വിജിലൻസ് ആൻഡ് ആൻറി കറപ്ഷൻ ബ്യൂറോ വെരിഫിക്കേഷൻ നടത്തുകയും വെരിഫിക്കേഷൻ റിപ്പോർട്ടിലെ കണ്ടെത്തലുകളോടും നിഗമനങ്ങളോടും ശിപാർശകളോടും യോജിക്കുന്നതായും, പ്രസ്തുത പരാതിയിലെ ആക്ഷേപങ്ങൾ വിദ്യാഭ്യാസ വകുപ്പിന്റെ ആഭ്യന്തര വിജിലൻസ് മുഖാന്തരം അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കുന്നത് ഉചിതമാകുമെന്ന് പരാമർശം (1) പ്രകാരം ശിപാർശ ചെയ്യുകയും ചെയ്തിരുന്നു.

2) വിജിലൻസ് ശിപാർശയുടെ അടിസ്ഥാനത്തിലുള്ള പരാമർശം (2) പ്രകാരമുള്ള സർക്കാർ നിർദേശത്തെ തുടർന്ന് അഞ്ചൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സീനിയർ സൂപ്രണ്ടായ ശ്രീമതി.ചിത്ര.പി.ഡി, ടി ഓഫീസിലെ സീനിയർ ക്ലർക്ക് ആയ ശ്രീ.എബ്രഹാം ജോർജിനെതിരെ നൽകിയ പരാതിയിൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 30/1/2023 ന് QIP വിഭാഗം ഉപഡയറക്ടർ, ശ്രീ. സുരേഷ്ബാബു, അഞ്ചൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് സന്ദർശിച്ച് അന്വേഷണം നടത്തിയതിൽ മേൽ 2 ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നും അതീവ ഗുരുതരമായ വീഴ്ചകൾ ഉണ്ടായിട്ടുണ്ടെന്നു കണ്ടെത്തിയതായി പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ടി റിപ്പോർട്ടിലെ കണ്ടെത്തലുകൾ/ശിപാർശകൾ ചുവടെ ചേർക്കുന്നു.

- പരാതിക്കാരിയായ സീനിയർ സൂപ്രണ്ട് ശ്രീമതി.ചിത്ര.പി.ഡി, സീനിയർ ക്ലർക്ക് ശ്രീ.എബ്രഹാം ജോർജ്, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീമതി.സജി.വി.എസ് എന്നിവരും ഓഫീസിലെ മറ്റ് ജീവനക്കാരും ബോധിപ്പിച്ച വിവരങ്ങൾ പരിശോധിച്ചതിൽ ശ്രീമതി ചിത്ര പി ഡി. വരാത്ത ദിവസങ്ങളിൽ ഹാജർ രേഖപ്പെടുത്തുകയും ശ്രീ എബ്രഹാം ജോർജ് ഹാജരാകാത്ത ദിവസങ്ങളിൽ ടിയാന് ലീവ് രേഖപ്പെടുത്തിയതുമായി ബന്ധപ്പെട്ടാണ് ഇവർ തമ്മിൽ വാക്ക് തർക്കവും വഴക്കും ഉണ്ടായിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.
- ശ്രീ.എബ്രഹാം ജോർജിന്റെ സമമ്പയ ലോഗിൻ പരിശോധിച്ചതിൽ ഫയലുകളിൽ ഉത്തരവ് ലഭിച്ച് യഥാസമയം നടപടികൾ സ്വികരിച്ചിട്ടുള്ളതായി കാണില്ല. ടിയാൻ കൈകാര്യം ചെയ്യുന്ന ഡി -

സെക്ഷന്റെ ഇ -ഓഫീസ് ലോഗിൻ പരിശോധിച്ചതിൽ **40** ഓളം ഫയലുകൾ പെൻഡിംഗ് ആണെന്ന് കാണുന്നു. തൻപതിവേട് പരിശോധിച്ചതിൽ തപാലുകൾ ചട്ട പ്രകാരം യഥാസമയം സമർപ്പിച്ചിട്ടുള്ളതായി കാണുന്നില്ല. അപേക്ഷകൾ അടക്കം കാലതാമസം ഉണ്ടായിട്ടുള്ളതായി കാണുന്നു. **2023** സെപ്റ്റംബർ മാസത്തിനുശേഷം തൻപതിവേടിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടില്ല.

- സീനിയർ സൂപ്രണ്ട് ശ്രീമതി.ചിത്ര.പി.ഡി യുടെ ഇ - ഓഫീസ് ലോഗിൻ പരിശോധിച്ചതിൽ നൂറോളം ഫയലുകൾ പെൻഡിംഗ് ആണെന്ന് കാണുന്നു. ടിയാൾ ഹാജരാകാത്ത ദിവസങ്ങളിൽ ഒപ്പ് രേഖപ്പെടുത്തുകയും, മറ്റു ജീവനക്കാർ വാരാതിരിക്കുന്ന ദിവസങ്ങളിൽ ലീവ് രേഖപ്പെടുത്തുന്നതായും ഉപ ജില്ലാ വിദ്യാഭ്യാസ ഓഫിസർ ബോധിപ്പിച്ചിട്ടുള്ളതാണ്. ജീവനക്കാരെ ഏകോപിപ്പിച്ച് കൊണ്ടുപോകേണ്ട ഉദ്യോഗസ്ഥ എന്ന നിലയിൽ ഈ പ്രവർത്തി സീനിയർ സൂപ്രണ്ടിന് യോജിച്ചതല്ല. പരാതിയിൽ ഉന്നയിച്ച പ്രകാരം സീനിയർ സൂപ്രണ്ട് ശ്രീമതി.ചിത്രയെ എബ്രഹാം ജോർജ് ജാതിപരമായി ആക്ഷേപിച്ചതായി ഓഫീസിലെ ജീവനക്കാർ ആരും തന്നെ മൊഴി നൽകുകയുണ്ടായില്ല. ശ്രീ.എബ്രഹാം ജോർജ്, സീനിയർ ക്ലർക്ക് , ശ്രീമതി.ചിത്ര.പി.ഡി. സീനിയർ സൂപ്രണ്ട് എന്നിവർ ഓഫീസിൽ കൃത്യമായി വരാറില്ലെന്നും കൃത്യമായി ജോലികൾ ചെയ്യുന്നില്ലെന്നും ബോധ്യപ്പെട്ടിട്ടുണ്ട്.

- ഇവർ തുടർന്നും ഒരേ ഓഫീസിൽ ജോലി ചെയ്യുന്നത് ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കും എന്നതിനാൽ ശ്രീ.എബ്രഹാം ജോർജ് -നെയും, ശ്രീമതി ചിത്ര പി ഡി യെയും മറ്റേതെങ്കിലും ഓഫീസുകളിലേക്ക് സ്ഥലം മാറ്റുന്നത് ഉചിതമായിരിക്കും. സർവ്വീസ് ചട്ടങ്ങൾ കൃത്യമായി പാലിച്ച് മുന്നോട്ടു പോകുന്നതിനും ഇനിയും ഇത്തരം വീഴ്ചകൾ വരാതെ സൂക്ഷിക്കുന്നതിനും ഓഫീസിൽ സഭ്യമായ ഭാഷ ഉപയോഗിക്കുന്നതിനും സഹപ്രവർത്തകരോട് മാന്യമായി പെരുമാറുന്നതിനും കർശന നിർദ്ദേശം നല്കാവുന്നതാണ് .

**3)** തുടർന്ന് ഗുരുതരമായ പെരുമാറ്റ ചട്ട ലംഘനം നടത്തിയ അഞ്ചൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സീനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി ചിത്ര പിഡി., ടി ഓഫീസിലെ സീനിയർ ക്ലർക്കായിരുന്ന ശ്രീ.എബഹാം ജോർജ് എന്നിവർക്കെതിരെ **1960**-ലെ കെ.സി.എസ്. (സി.സി.&എ) ചട്ടം **15** പ്രകാരം അച്ചടക്ക നടപടി ആരംഭിക്കാൻ തീരുമാനമെടുത്ത് പരാമർശം **(4)** പ്രകാരം കുറ്റപത്രം **&** കുറ്റാരോപണ പത്രികയും നൽകിയിരുന്നു. ഇതിന് കുറ്റാരോപിതർ പരാമർശം **(5)** പ്രകാരം പ്രതിവാദപത്രിക സമർപ്പിച്ചിരുന്നു. ടി പ്രതിവാദപത്രികയിൽ ശ്രീമതി.ചിത്ര.പി.ഡി., ശ്രീ.എബ്രഹാം ജോർജ് എന്നിവർ

സമർപ്പിച്ചിരിക്കുന്ന വിശദീകരണം തൃപ്തികരമായി കാണുന്നില്ലെന്ന് പരാമർശം (6) ലെ കത്ത് പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ അറിയിക്കുകയുണ്ടായി. തുടർന്നു പ്രതിവാദപത്രിക തൃപ്തികരമല്ലാത്തതിനാൽ ടിയാളുകൾക്കെതിരെ 1960-ലെ കെ.സി.എസ്. (സി.സി.&എ) ചട്ടം 15 പ്രകാരം ആരംഭിച്ചിട്ടുള്ള അച്ചടക്ക നടപടി തുടരാൻ തീരുമാനമെടുക്കുകയും, ആയതിന്റെ ഭാഗമായുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ വിദ്യാഭ്യാസ ഉപ ഡയറക്ടർ (എംപ്ലോയിമെന്റ്) നെ ചുമതലപ്പെടുത്തി പരാമർശം (7) പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു.

4) പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (8) പ്രകാരം ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ട് പ്രകാരം ലഭ്യമായ തെളിവുകളുടെയും, രേഖകളുടെയും വാദങ്ങളുടെയും പശ്ചാത്തലത്തിൽ നടത്തിയ പരിശോധനയിൽ കൊല്ലം ജില്ലയിലെ അഞ്ചൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സീനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി ചിത്ര പി.ഡി., ടി ഓഫീസിലെ സീനിയർ ക്ലർക്ക് ആയിരുന്ന ശ്രീ.എബ്രഹാം ജോർജ് എന്നിവർക്ക് സർക്കാർ നൽകിയ കുറ്റപത്രത്തിന്മേലുള്ള ചാർജുകൾ നിലനിൽക്കുന്നതാണെന്ന് അറിയിച്ചിരുന്നു.

5) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അഞ്ചൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സീനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി ചിത്ര പി.ഡി., ക്ലർക്കായിരുന്ന ശ്രീ.എബ്രഹാം ജോർജ്ജ് എന്നിവർക്കെതിരെ 1960-ലെ കെ.സി.എസ്. (സി.സി.&എ) ചട്ടം 15 പ്രകാരം അച്ചടക്ക നടപടി തുടരാൻ തീരുമാനമെടുത്ത് Rule 11 (1) (iii) പ്രകാരം, ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലപ്രബല്യമില്ലാതെ തടയാനുള്ള താത്കാലിക തീരുമാനം എടുത്ത് പരാമർശം (9) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു .

6) മേൽ കാരണം കാണിക്കൽ നോട്ടീസിന് ശ്രീമതി ചിത്ര പി.ഡി. പരാമർശം (10) പ്രകാരം നൽകിയ മറുപടിയിൽ ടിയാൾ തനിക്കെതിരായ ആരോപണങ്ങൾ നിഷേധിച്ചിട്ടുണ്ട്. കൂടാതെ നേരിൽ കേൾവി ഒഴിവാക്കി തന്റെ പേരിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങൾ തള്ളിക്കളയണമെന്നും, തനിക്കെതിരായ അച്ചടക്ക നടപടി മൂലം തനിക്ക് ലഭിക്കേണ്ടിയിരുന്ന പ്രമോഷൻ 2 തവണ നഷ്ടപ്പെടുകയും ജൂനിയർ ആയ 32 പേർക്ക് പ്രമോഷൻ ലഭിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടായതായും, ആയതിനാൽ നിലവിലെ അച്ചടക്ക നടപടി പൂർത്തീകരിച്ച് മെയ് മാസത്തിൽ ചേരുന്ന DPC യിൽ തന്നെ പരിഗണിക്കണം എന്നും അപേക്ഷിച്ചുകൊണ്ട് ശ്രീമതി.ചിത്ര.പി.ഡി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച നിവേദനം പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (11) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

7) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീമതി ചിത്ര പി.ഡിയുടെ ഒപ്പം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്ന ശ്രീ ഏബ്രഹാം ജോർജ്ജ് കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റിയിട്ടില്ല എന്നും

ടിയാൻ **07.04.2026** മുതൽ **30.04.2026** വരെ അവധിയിൽ ആയിരുന്നുവെന്നും ആയതിനു ശേഷം സ്കൂളിൽ ഹാജരായിട്ടില്ല എന്നും ടിയാന് കാരണം കാണിക്കൽ നോട്ടീസ് **REGISTERED** ആയി അയച്ചിട്ടുണ്ടെന്നും പ്രഥമാധ്യാപിക അറിയിച്ചതായും പൊതു വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട് . നിലവിൽ പ്രൊമോഷൻ നഷ്ടപ്പെട്ട ശ്രീമതി ചിത്ര പി.ഡി ക്കെതിരായ അച്ചടക്ക നടപടി, ശ്രീ ഏബ്രഹാം ജോർജ്ജിന്റെ മറുപടി ലഭ്യമാവാത്ത കാരണത്താൽ നീണ്ടു പോകുന്നത് സ്വാഭാവിക നീതിയുടെ ലംഘനമാണെന്നു കാണുന്നു.

**8)** മേൽ സാഹചര്യത്തിൽ നേരിൽ കേൾവി വേണ്ട എന്ന് ശ്രീമതി ചിത്ര പി.ഡി, അറിയിച്ചിരിക്കുന്നതിനാൽ, ടിയാൾക്കെതിരെ **KCS (CC&A) Rule 15** പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തുടർന്ന് **Rule 11(1)(iii)** പ്രകാരം ടിയാളുടെ കാരണം കാണിക്കൽ നോട്ടീസിൽ പ്രതിപാദിച്ചിട്ടുള്ള താത്കാലിക ശിക്ഷയായ ടിയാളുടെ ഒരു വാർഷിക ഇൻക്രിമെൻറ് സഞ്ചിതഫല പ്രാബല്യമില്ലാതെ തടയുക എന്നത് സ്ഥിരപ്പെടുത്തി ടിയാൾക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**9)** ശ്രീ.ഏബ്രഹാം ജോർജ്ജിനെതിരായ അച്ചടക്ക നടപടി പ്രത്യേകമായി തുടരുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

1. പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീമതി ചിത്ര പി.ഡി സീനിയർ സൂപ്രണ്ട് (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
3. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, അഞ്ചൽ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
5. ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് (വെബ്&ന്യൂ മീഡിയ) വകുപ്പ്
6. സ്റ്റോക്ക് ഫയൽ (**DA1/107/2025**-പൊ.വി.വ)

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
Date: 30-06-2026 09:38:30

പകർപ്പ് - ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതു വിദ്യാഭ്യാസ സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ യ്ക്ക്